Draft #13 of File 130967/CD 1-2/2021/CD 1 Approved by Registrar on 11-Nov-2022 04:07 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

2021 -22 വർഷം നടത്തിയിട്ടുള്ള ആഡ് ഓൺ കോഴ്സുകളുടെ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതും , ആഡ് ഓൺ കോഴ്സുകളുടെ തുടർ നടത്തിപ്പ് സംബന്ധിച്ചും- 22.10.2022 ന കൂടിയ സിൻഡിക്കേറ്റ് യോഗ തീരുമാനങ്ങൾ -ഉത്തരവ് പുറപ്പെടുവിക്കുന്നു .

CD 1

നമ്പർ. 11543/CD 1/2022/എം.ജി.യു  പ്രിയദർശിനി ഹിൽസ്,തീയതി: 11.11.2022

*പരാമർശം:*-1. 16/02/2022തീയതിയിലെ സ.ഉ.നം.1601/CD 1/2022/MGU
2. 22.10.2022 ലെ സിൻഡിക്കേറ്റ് യോഗത്തിൻറെ മിനിറ്റ്സ് ഇനം നമ്പർ 103/22.08/130967/CD1-2/2021

**<u>ഉത്തരവ്</u>**

2017-ൽ അവസാനിച്ച പന്ത്രണ്ടാം പ്ലാൻ പീരിഡിന് ശേഷം യുജിസി ആഡ് ഓൺ കോഴ്സുകൾക്ക് ധനസഹായം നൽകി വരുന്നില്ല. പരാമർശം (1) പ്രകാരം എല്ലാ അക്കാദമിക വർഷത്തിന്റെയും തുടക്കത്തിൽ തന്നെ തുടങ്ങാൻ ഉദ്ദേശിക്കുന്നതും തുടരുന്നതുമായ ആഡ് ഓൺ കോഴ്സുകളുടെ വിശദാംശങ്ങൾ സർവ്വകലാശാലയെ അറിയിച്ച് അനുവാദം വാങ്ങേണ്ടതാണെന്നും, 2020-21 അദ്ധ്യയനവർഷം വരെ നടത്തിയിട്ടുള്ള ആഡ് ഓൺ കോഴ്സുകളുടെ സർട്ടിഫിക്കറ്റുകൾ എല്ലാം മേലൊപ്പിട്ട് നൽകുന്നതിനും, അനുമതിയില്ലാതെ നടത്തുന്ന കോഴ്സുകളുടെ സർട്ടിഫിക്കറ്റുകൾ ഇനി മുതൽ മേലൊപ്പിട്ട് നൽകുന്നതല്ല എന്നും ഉത്തരവായിരുന്നു. എന്നാൽ ടി ഉത്തരവ് ഇറങ്ങിയ തീയതിയ്ക്ക് മുമ്പ് തന്നെ മിക്ക കോളേജുകളും 2021-22 വർഷത്തെ ആഡ് ഓൺ കോഴ്സുകൾ ആരംഭിച്ചിരുന്നുവെന്നും ആയതിനാൽ 2021-22 വർഷത്തെ സർട്ടിഫിക്കറ്റുകൾ കൂടി മേലൊപ്പിട്ട് നൽകണമെന്നും യുജിസി പ്ലാൻ കാലയളവിനു ശേഷവും ആഡ് ഓൺ കോഴ്സുകൾ തുടരണമെന്നും വിവിധ കോളേജുകളുടെ അപേക്ഷ ലഭിച്ചിരുന്നു. ടി വിഷയം സിൻഡിക്കേറ്റ് മുൻപാകെ സമർപ്പിച്ചിരുന്നു

പ്രസ്തുത വിഷയം പരിഗണിച്ച സിൻഡിക്കേറ്റ് പരാമർശം (2) പ്രകാരം, താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയുണ്ടായി

"2021 -22 വർഷം നടത്തിയിട്ടുള്ള ആഡ് ഓൺ കോഴ്സുകളുടെ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുവാനും, ആഡ് ഓൺ കോഴ്സുകളുടെ തുടർനടത്തിപ്പിനായി കോളേജുകളുടെ അഭ്യർത്ഥനയ്ക്ക് അനുസൃതമായി 2022 -23 അദ്ധ്യയന വർഷം തുടർന്നുപോകാൻ അനുവാദം നൽകുന്നതിനും കൂടാതെ, ഫീസ് ഘടന സംബന്ധിച്ച വിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ഷജില ബീവി.എസ്, ഡോ. ബാബു മൈക്കിൾ എന്നിവരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു."

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു .

ഡോ.പ്രകാശ് കുമാർ .ബി

രജിസ്ട്രാർ

പകർപ്പ്

1. വിസി, പിവിസി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2 . രജിസ്ട്രാർ /ഫിനാൻസ് ഓഫീസർ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ
3. JR/1/II/III(ഭരണവിഭാഗം )
4. AR/I/II/III(അക്കാദമി വിഭാഗം )
5. സി എം എസ് /ഐ ക്യൂ എ സി
6. സിൻഡിക്കേറ്റ് സെക്ഷൻ I (എ റ്റി ആർ സഹിതം)
7. റെക്കോർഡ്സ്/ എസ് എഫ് /എഫ് .സി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #13 of File 130967/CD 1-2/2021/CD 1 Approved by Registrar on 11-Nov-2022 04:07 PM - Page 2